ഡാക്ടർ കെ. എം. ചാക്കോ : ഇടുക്കി പദ്ധതിയിൽനിന്നും പെരിയാറിലേക്ക് വെള്ളം ഡൈവർട്ടുചെയ്യുമ്പോൾ അതിന്റെ താഴെയുള്ള പ്രദേശങ്ങൾക്കും ആലുവാ പ്രദേശത്തിനും സഹായകമായിരിക്കയില്ലേ ?

ശ്രീ. ഈ. പി. പൗലോസ് : അതുകൊണ്ടാണ് അങ്ങനെ ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുന്നത്. അവസാന തീരുമാനം ആയിട്ടില്ലെന്നേ ഉള്ളൂ.

എസ്റ്റേറ്റുകൾ

* 859. [27] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് ഉടമസ്ഥതയിൽ ഏതെല്ലാം ഇനത്തിൽപെട്ട എസ്റ്റേറ്റുകൾ ഉണ്ട് ;

(ബി) റബ്ബർമരം മാത്രം നട്ടുവളർത്തിയിട്ടുള്ള എസ്റ്റേറ്റുകൾ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏവിടെ ; എത്ര ഏക്കർ ;

(ഡി) കഴിഞ്ഞ മുന്നു കൊല്ലത്തിനുള്ളിലായി അതിൽനിന്നും ഗവണ്മെന്റിലേക്കുള്ള വരവെത്ര ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എസ്റ്റേറ്റുകളൊന്നുമില്ല. പ്ലാന്റേഷൻ കാർപ്പറേഷന്റെ കീഴിൽ റബ്ബർ എസ്റ്റേറ്റുകൾ ഉണ്ട്.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഈ. ബലറാം : കൊട്ടമണ്ണിൽ റബ്ബർതോട്ടമുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. ഈ. പി. പൗലോസ് : അത് ഫാമസ്സിന്റെ ഡിപ്പാർട്ടുമെന്റിലാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഗവണ്മെന്റ് ഉടമസ്ഥതയിൽ ഉണ്ടോ എന്നാണ് ചോദിച്ചിട്ടുള്ളത്. മലബാറിൽ ആറ്റുതോട്ടവും ഗവണ്മെന്റുടമയിലുണ്ട്.

ശ്രീ. ഈ. പി. പൗലോസ് : എന്റെ അടുക്കൽ ചോദ്യം വന്നതുകൊണ്ട് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇല്ലെന്നു ഞാൻ പറഞ്ഞതാണ്. പൊതുവേ ചോദിച്ചതാണെങ്കിൽ വിവരം ശേഖരിക്കാൻ അതാതു ഡിപ്പാർട്ടുമെന്റിനു് അവസരം കൊടുക്കണം.

മരാമത്തു ഡിവിഷനുകളും അവയുടെ അതിർത്തിയിലുള്ള റോഡുകളും.

* 860. [28] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമരാമത്തു ഡിവിഷനുകളുടെ പേരും, ഓരോന്നിലും ഉൾപ്പെട്ട പ്രദേശവും, ഓരോന്നിന്റെയും അധികാരാതിർത്തിയിൽപെട്ട റോഡുകളുടെ നീളവും എത്രയാണ് എന്നു് വിവരിക്കുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ബി) 1963–64–ൽ ഓരോ ഡിവിഷനിലും ചെലവാക്കിയ സംഖ്യ എത്ര ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) 1964 ഫെബ്രുവരി അവസാനം വരെ റോഡുകൾക്കു ചെലവായ തുക കാണിക്കുന്ന സ്റ്റേറ്റുമെന്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : തന്ന കണക്കുപ്രകാരം കേരളത്തിൽ 1914 നാഴിക വില്ലേജുറോഡ് പി. ഡബ്ലിയു. ഡി. മെൻറയിൻ ചെയ്യുന്നുണ്ട്. ഇതിൽ പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 63 നാഴിക മാത്രമേ ഉള്ളു. പഞ്ചായത്തു റോഡുകളും ഏറ്റെടുക്കുന്നതിനു ആലോചിക്കുന്ന ഈ കാലഘട്ടത്തിൽ ഈ ന്യൂനത പരിഹരിക്കുന്നതിനു ശ്രദ്ധിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പഞ്ചായത്തിൽപെട്ട കൂടുതൽ പ്രാധാന്യമുള്ള റോഡുകളും ഗവണ്മെൻറു ഏറ്റെടുക്കണമെന്നുള്ള നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അതിനുശേഷം വേണ്ട നടപടികളും സ്വീകരിക്കുന്നതായിരിക്കും.

മത്സ്യത്തൊഴിലാളികളുടെ കൈവശമുള്ളഗവണ്മെൻറു ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്ന ഉത്തരവു്

* 861. [29] ശ്രീ. കെ. മൊയീൻകുട്ടിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവും റവന്യൂവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ ഗവണ്മെൻറു ഭൂമികളും നികുതികൊടുത്തു കൈവശംവച്ചുവരുന്നവർക്കു് അവരുടെ കൈവശമുള്ള ഭൂമികളും ഒഴിഞ്ഞുകൊടുക്കണമെന്ന വല്ല ഉത്തരവും ഇതിനിടെ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) കോഴിക്കോടു ജില്ലയിലെ ഇത്തരം ഭൂമി കൈവശക്കാരായ മത്സ്യത്തൊഴിലാളികളുടെ പേരിൽ അതതു് താലൂക്കു് താസിൽദാർമാർ ഒഴിഞ്ഞുപോവാനുള്ള നോട്ടീസുകളും നടത്തിയതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) മത്സ്യത്തൊഴിലാളികൾക്കു് മേൽ ഉത്തരവുമൂലം വളരെ വിഷമങ്ങൾ നേരിട്ടിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്തു മേൽ ഉത്തരവുകൾ നിറുത്തൽ ചെയ്യാൻ ഭയവുണ്ടാകുമോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

(എ) തിരൂർ താലൂക്കിൽ വള്ളിക്കുന്നംശത്തിലുള്ള തീരപ്രദേശങ്ങളിൽ ചില മത്സ്യത്തൊഴിലാളികൾ അനധികൃതമായി പ്രവേശിച്ചിരുന്നു. ഇവരുടെ കൈവശമുള്ള ഭൂമികൾ ഒഴിഞ്ഞുകൊടുക്കണമെന്നു കാണിച്ചു് തിരൂർ താസിൽദാർ നോട്ടീസ് നൽകിയിട്ടുണ്ടു്.

(ബി) തിരൂർ താസിൽദാർ നോട്ടീസ് നൽകിയ വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(സി) ലാൻഡു അസൈൻമെൻറു ചട്ടപ്രകാരം തീരഭൂമികൾ സ്ഥിരമായി പതിച്ചുകൊടുക്കാൻ പാടുള്ളതല്ല. താൽക്കാലികമായി പാട്ടത്തിനു കൊടുക്കുന്നതിനെപ്പറ്റി പരിഗണിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : അവർ നികുതികൊടുത്തു വരുന്നുണ്ടു്. അങ്ങനെയിരിക്കുമ്പോഴാണു് പെട്ടെന്നു് ഒഴിഞ്ഞുകൊടുക്കണമെന്നു പറയുന്നതു്. ഒരിഞ്ചു ഭൂമിപോലും ഇല്ലാത്തവരാണു്. അതുകൊണ്ടു് കൈവശക്കാർക്കു് പതിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ: ഹൈ വാട്ടർമാർക്കിനു് അടുത്തുള്ള സ്ഥലമാണു്. അതുകൊണ്ടു് പതിച്ചുകൊടുക്കാൻ നിവൃത്തിയില്ല. താൽക്കാലികമായി പാട്ടത്തിനു് കൊടുക്കാനുള്ള നടപടികളും എടുത്തുവരികയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എറണാകുളം ഡിസ്ട്രിക്ടിൽ വളരെ ഭൂമി കടലെടുത്തുകൊണ്ടു പോയിട്ടുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളുടെ നികുതി കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ : നിയമപ്രകാരം അപേക്ഷിച്ചാൽ ഒഴിവു കിട്ടുന്നതാണു്, നിയമത്തിൽ അതിനു വ്യവസ്ഥയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV

[*Please see answer to Starred Question No.* 860 (28)]

The Jurisdication of each Division Under Public Works Department (Buildings and Roads)

South Circle

B & R Division, Trivandrum	Taluks of Neyyattinkara, Trivandrum, Chirayinkil and Nedumangad.
B & R Division, Quilon	Taluks of Quilon, Kottarakara, Pathanamthitta, Pathanapuram, Kunnathur and Karunagappally.
B & R Division, Alleppey	Taluks of Thiruvella, Chengannur, Mavelikkara, Karthikappally, Ambalapuzha, Kuttanad and Shertallai.
B & R Division, Kottayam	Taluks of Changanacherry, portion of Udambanchola, Kanjirappally, Kottayam, Meenachil and Peermade.

Central Circle

B & R Division, Muvattupuzha	Taluks of Devikolam, Muvattupuzha Vaikom, and Thodupuzha and portion of Udambanchola Taluk
B & R Division, Ernakulam	Taluks of Kunnathunad, Parur, Alwaye, Kanayannur and Cochin;
B & R Division, Trichur	Taluks of Crangannore, Mukundapuram, Trichur, Talappilly and Chowghat.

North Circle

B & R Division, Palghat	Taluks of Palghat, Chittur, Alathur Perinthalamanna, Ottapalam and Ponnani.
B & R Division, Kozhikode	Taluks of South Wynad, Badagara, Quilandy, Kozhikode, Tirur and Ernad.
B & R Division, Cannanore	Kasargod, Hosdurg, Taliparamba Cannanore, Tellicherry and North Wynad.

LIBRARY ARCHIVES Kerala Legislative Assembly

Name of Division	*National Highways*	*Provincial Highways*	*District Roads*	*Village Roads*	*Total*
	Miles	Miles	Miles	Miles	Miles
Trivandrum	50	184	465	252	951
Quilon	35	193	513	464	1205
Alleppey	58	135	424	345	962
Kottayam	Nil	197	668	180	1045
Muvattupuzha	Nil	229	440	373	1042
Ernakulam	36	79	422	82	619
Trichur	60	125	347	165	697
Palghat	41	107	570	14	732
Kozhikode	Nil	241	482	39	762
Cannanore	Nil	134	568	Nil	702
Total	280	1624	4899	1914	8717

Expenditure incurred upto 2/64 on Roads (original) works and maintenance

	Rs. in lakhs
B & R Trivandrum	25·21
B & R Quilon	39·64
B & R Alleppey	25·94
B & R Kottayam	39·40
B & R Muvattupuzha	22·42
B & R Ernakulam	19·62
B & R Trichur	20·60
B & R Palghat	27·59
B & R Kozhikode	33·50
B & R Cannanore	20·96
Bridges Kozhikode	8·79
West Coast Roads	18·82
Total	302·49

LIBRARY ARCHIVES Kerala Legislative Assembly